# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *132 — 04.12.2018 -ലെ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസമേഖലയുടെ നവീകരണം

*ചോദ്യം*
ശ്രീ. റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

*ഉത്തരം*
**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് അക്കാദമിക നേതൃത്വം നൽകേണ്ട സർവ്വകലാശാലകൾ ഫലത്തിൽ നിഷ്ക്രിയമായിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിലെ സർവ്വകലാശാലകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. |
| (ബി) | കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിലവിൽ വി. സി. മാരില്ലാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങളിൽ പോരായ്മകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷകൾ യഥാസമയം നടക്കാത്തതും അവയുടെ റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതും കാരണം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും മറ്റും പ്രശ്നങ്ങളുണ്ടാകുന്നതിന് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സർവ്വകലാശാലകൾ മുൻകൂട്ടി അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനും നിശ്ചയിച്ച പ്രകാരം പരീക്ഷകൾ ഷെഡ്യൂൾ ചെയ്യുന്നതിനും ഇതിനോടകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ എല്ലാ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ എടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണതോതിൽ നടപ്പിലാക്കുമ്പോൾ മിക്ക പരാതികൾക്കും പരിഹാരം കാണാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ